**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3533** **12-03-2025 - ൽ മറുപടിയ്ക്ക്**

**മാവൂർ സ്മാർട്ട് കൃഷിഭവൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സ്മാർട്ട് കൃഷിഭവനുകളിൽ എന്തൊക്കെ സൗകര്യങ്ങളാണ്ഏർപ്പെടുത്തിയിട്ടുള്ളതെന്നും ഇതിനായി അനുവദിക്കുന്ന തുക എത്രയാണെന്നും അറിയിക്കുമോ; | (എ) | കർഷകർക്കാവശ്യമായ സേവനങ്ങൾ മുഴുവനായും കൃഷി ഓഫീസിൽ നിന്നും ലഭ്യമാക്കുവാനും കൃഷി ഉദ്യോഗസ്ഥരുടെ സേവനം പൂർണ്ണമായും കൃഷിയിടത്തിൽ എത്തിക്കുവാനും ഉദ്ദേശിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് സ്മാർട്ട് കൃഷി ഭവൻ. അടിസ്ഥാന സൗകര്യ വികസനത്തോടൊപ്പം ഡിജിറ്റൽ സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമാക്കി എല്ലാ സേവനങ്ങളും സ്മാർട്ട് കൃഷി ഭവനിൽ നിന്നും കർഷകർക്ക് നൽകുന്നു. യന്ത്രവൽക്കരണ സഹായം, കീടരോഗ നിയന്ത്രണ പിന്തുണ എന്നിവയോടൊപ്പം കർഷക സൗഹൃദമായ ഫ്രണ്ട് ഓഫീസും സ്മാർട്ട് കൃഷി ഭവനിലൂടെ നടപ്പിലാക്കുന്നു.<br><br>ഫ്രണ്ട് ഓഫീസ് സ്ഥാപിക്കുന്നതിനായി 7.50 ലക്ഷം രൂപയും, പുതിയ പ്ലാന്റ് ഹെൽത്ത് ക്ലിനിക് സ്ഥാപിക്കുന്നതിന് 5.00 ലക്ഷം രൂപയും നിലവിലുള്ള പ്ലാന്റ് ഹെൽത്ത് ക്ലിനിക് നവീകരിക്കുന്നതിന് 2.5 ലക്ഷം രൂപയും, ഐ റ്റി ഇൻഫ്രാസ്ട്രക്ചറിനായി 2.5 ലക്ഷം രൂപയും, കൃഷി ഭവൻ നവീകരണത്തിനായി 10 ലക്ഷം രൂപയും അനുവദിക്കുന്നതാണ്. കൂടാതെ ഡിജിറ്റൽ സാങ്കേതിക വിദ്യയിലധിഷ്ഠിതമായ സേവനം സംസ്ഥാനത്തൊട്ടാകെ പൊതുവായി തുക കണ്ടെത്തി നൽകുന്നു. ബിൽഡിംഗ് ഇല്ലാത്ത കൃഷിഭവനുകളിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് NABARD സഹായത്തോടെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും സഹായം നൽകുന്നുണ്ട്. |
| (ബി) | കുന്ദമംഗലം മണ്ഡലത്തിലെ മാവൂർ കൃഷിഭവൻ സ്മാർട്ടാക്കൽ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ബാക്കിയുള്ള പ്രവൃത്തികളെന്തൊക്കെയാണെന്നും ആയതിന് എത്ര തുക വേണ്ടി വരുമെന്നും പ്രസ്തുത തുക കൂടി അനുവദിക്കാൻ നടപടി സ്വീകരിക്കുമോയെന്നും അറിയിക്കുമോ? | (ബി) | കോഴിക്കോട് ജില്ലയിൽ കുന്ദമംഗലം നിയോജക മണ്ഡലത്തിലെ മാവൂർ ഗ്രാമ പഞ്ചായത്ത് കൃഷി ഭവനെ സ്മാർട്ട് കൃഷി ഭവനായി 2023-24 സാമ്പത്തിക വർഷം അപ്ഗ്രേഡ് ചെയ്തിരുന്നു. കൃഷി ഭവന്റെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്നതിന്റെ ഭാഗമായി ഐ.റ്റി, ഇൻഫ്രാസ്ട്രക്ച്ചർ വർക്ക്സ്, ഇന്റീരിയൽ വർക്ക്സ്, |

| | | | |
|---|---|---|---|
| | | | പ്ലാന്റ് ഹെൽത്ത് ക്ലിനിക്, അടിസ്ഥാന സൗകര്യം ഒരുക്കൽ, ഫ്ളോറിങ്, പ്ലംബിങ്, വയറിങ്, ഇലക്ട്രിഫിക്കേഷൻ എന്നീ വർക്കുകൾ പൂർത്തീകരിച്ചു കഴിഞ്ഞു.<br><br>ആയതിനു കേരള കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ നിന്നും അനുവദിച്ച 22.5 ലക്ഷത്തിനുള്ള മോഡേണൈസേഷൻ വർക്കുകൾ കൃഷി ഭവനിൽ പൂർത്തീകരിച്ചു കഴിഞ്ഞു. കമ്പ്യൂട്ടർ വാങ്ങുന്നതിന് 1.85 ലക്ഷം രൂപയുടെ അലോക്കേഷൻ നൽകിയിട്ടുണ്ട്. ബാക്കി 20.64 ലക്ഷം രൂപയുടെ ക്ലെയിം സമർപ്പിച്ചു കഴിഞ്ഞിട്ടുമുണ്ട് .<br><br>പെയിന്റിംഗ്, ടോയ്‌ലറ്റ് നവീകരണം, ഫർണിച്ചറുകൾ വാങ്ങൽ, എൻട്രൻസ് നവീകരണം എന്നീ വർക്കുകൾ പൂർത്തീകരിക്കാനുണ്ട്. ആയതിന്റെ പൂർത്തീകരണത്തിന് 8 ലക്ഷം രൂപ (നികുതി, സെന്റ്ജ് എന്നിവ കൂടാതെ) കൂടി ആവശ്യമായി വരും. ഗ്രാമ പഞ്ചായത്ത് പ്ലാൻ ഫണ്ടിൽ 8 ലക്ഷം രൂപയ്ക്ക് 2024-25 സാമ്പത്തിക വർഷത്തിൽ ജനകീയാസൂത്രണ പദ്ധതിയിൽ പ്രൊപോസൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ